# മിൽമ രജതജൂബിലി

തിരുവനന്തപുരം,
17-11-2009.

'കേരളം കണികണ്ടുണരുന്ന നന്മ' എന്നാണ് മിൽമ സ്വയം വിശേഷിപ്പിക്കുന്നത്. അതൊരു പരസ്യവാചകമല്ല. കഴിഞ്ഞ കാൽ നൂറ്റാണ്ടായി നമ്മുടെ പതിനായിരക്കണക്കിന് ക്ഷീരകർഷകരുടെ ആത്മാർത്ഥമായ പിൻബലത്തോടെ മിൽമ യാഥാർഥ്യമാക്കിയ വിശേഷണമാണ്. മിൽമയുടെ ദക്ഷിണ മേഖലാ ശാഖയായ തിരുവനന്തപുരം മേഖലാ ക്ഷീരോൽപ്പാദക യൂണിയൻ രജതജൂബിലി ആഘോഷിക്കുമ്പോൾ അംഗസംഘങ്ങളുടെയും സംഘങ്ങളിൽ പാലൊഴിക്കുന്ന കൃഷിക്കാരുടെയുമെല്ലാം മനസ്സിൽ നിറയേണ്ടത് മിൽമയുടെ കേന്ദ്ര മുദ്രാവാക്യമാണ് - കേരളം കണികണ്ടുണരുന്ന നന്മ.

പാൽ സംഭരണത്തിന്റെയും വിപണനത്തിന്റെയും സംസ്കരണത്തിന്റെയും മേഖലയിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടുകൊണ്ട് പതിന്മടങ്ങ് വളർച്ച കൈവരിക്കാൻ മിൽമക്ക് കഴിഞ്ഞിട്ടുണ്ട്. രജതജൂബിലി വർഷം വികസനവർഷമായി ആചരിക്കാൻ തിരുവനന്തപുരം ക്ഷീരോൽപ്പാദക യൂണിയൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. പുതിയ ഡയറി പ്ലാന്റുൾപ്പെടെയുള്ള വികസന പദ്ധതികൾ നിങ്ങൾ ഏറ്റെടുക്കുകയാണ്. അതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉത്സാഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പാൽ സംഭരണവും വിതരണവും കാര്യക്ഷമമായി നടത്തുക, പാലുൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതിനൊപ്പം പാലുൽപ്പാദനം ഗണ്യമായി വർധിപ്പിക്കാനും മിൽമ മുന്നോട്ടു വരണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

പാലിന് സംസ്ഥാനത്ത് ക്ഷാമം നേരിടുകയാണ്. പ്രതിവർഷം 25 ലക്ഷത്തോളം ടൺ പാൽ ആവശ്യമായ സംസ്ഥാനമാണ് കേരളം. ഏതാണ്ട് 21 ലക്ഷത്തിൽ പരം ടൺ പാൽ മാത്രമാണ് നമ്മുടെ നാട്ടിലെ പശുക്കൾ ചുരത്തുന്നത്. നാം കറന്നെടുക്കുന്ന പാൽ നമുക്ക് ചായ കുടിക്കാൻ തികയുന്നില്ല. കുഞ്ഞുങ്ങൾക്ക് പാല് കൊടുക്കണം. വെണ്ണയും നെയ്യും വേണം. മോരും തൈരും വേണം. ഐസ്ക്രീമും മറ്റ് പാലുൽപ്പന്നങ്ങളും വേണം.

അതിനെല്ലാം വേണ്ടി ആവശ്യമായ പാൽ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കപ്പെടേണ്ടതല്ലേ? തൊണ്ണൂറുകളിൽ പ്രതിവർഷം നാലേകാൽ ശതമാനം എന്ന തോതിൽ പാലുൽപ്പാദനം വർധിച്ച സംസ്ഥാനമാണ് നമ്മുടേത്. ഒമ്പതാം പദ്ധതിക്കാലത്ത് മൂന്നേമുക്കാൽ ശതമാനം എന്ന തോതിലായി വർധന. എന്നാൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രതിവർഷം അഞ്ച് ശതമാനത്തോളം താഴേക്ക് പോകുന്ന അനുഭവമാണുണ്ടായത്. മറ്റ് സംസ്ഥാനങ്ങളിൽ പാലുൽപ്പാദനത്തിൽ വർധനയുടെ തോത് അൽപ്പം കുറഞ്ഞെങ്കിലും വർധന തുടരുകതന്നെയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന രാഷ്ട്രമാണ് ഇന്നും ഇന്ത്യ. പക്ഷേ, കേരളത്തിന്റെ അവസ്ഥ അത്ര മെച്ചമല്ല.

എൽ.ഡി.എഫ്. ഗവൺമെന്റ് വന്നശേഷം പാലുൽപ്പാദനത്തിൽ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞു. പശുഗ്രാമം, മിൽക്ക്ഷെഡ് തുടങ്ങി നിരവധി പദ്ധതികളിലൂടെ പ്രതിദിനം ഇരുപതിനായിരത്തിൽപ്പരം ലിറ്റർ പാൽ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞതായാണ് മനസ്സിലാക്കുന്നത്. ഗണ്യമായി വർധിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ ലക്ഷ്യത്തിലെത്താൻ ഇനിയും ഏറെ മുന്നോട്ടുപോകണം.

എൽ.ഡി.എഫ്. സർക്കാർ വന്നശേഷം പാലിന് വില വർധിപ്പിക്കാൻ മിൽമക്ക് അനുവാദം നൽകുകയുണ്ടായി. ക്ഷീര കർഷകനെ ഉദ്ദേശിച്ചാണ് മുഖ്യമായും വില വർധിപ്പിക്കാൻ സർക്കാർ അനുവദിച്ചത്. ക്ഷീരകർഷകർക്ക് അതു പ്രകാരം അൽപ്പം മെച്ചപ്പെട്ട വില ലഭിക്കുന്നു. ക്ഷീര സഹകരണ സംഘങ്ങളിലും ഇതിന്റെ നേട്ടമുണ്ടാകുന്നു. പാലിന് വില കൂട്ടിയത് വലിയ അപരാധമായിപ്പോയി എന്ന് ചിലർ പറയുകയുണ്ടായി. പാവപ്പെട്ടവർക്ക് അങ്ങനെ അനുഭവപ്പെടുന്നത് മനസ്സിലാക്കാം. അടിക്കടി വില വർധിപ്പിക്കുന്നത് ശരിയുമല്ല. എന്നാൽ പശുവിനെ പോറ്റാനുള്ള പ്രയാസംകൂടി പാൽ കുടിക്കുന്നവർ പരിഗണിക്കണം. ഏറെ കഷ്ടപ്പെട്ടാണ് പശുവിനെ വളർത്തുന്നതും പാൽ കറന്നെടുക്കുന്നതും പുലരുംമുമ്പ് അത് ക്ഷീരസംഘത്തിൽ അളന്നുകൊടുക്കുന്നതുമൊക്കെ. വലിയ ചെലവേറിയ കാര്യമാണത്. അതുകൊണ്ടാണ് കന്നുകാലി വളർത്തലിൽനിന്നു ജനങ്ങൾ പിന്നോട്ടുപോ

കുന്നത്. അതുകൊണ്ട് ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്ഷീരകർഷക പെൻഷൻ പദ്ധതി നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവന്നുകഴിഞ്ഞു.

കാർഷികോൽപ്പാദനവർധനയും വരുമാന വർധനയും കൊണ്ടുമാത്രമേ കൃഷിക്കാർക്ക് കരകയറാനാവൂ. കൃഷിക്കൊപ്പം കന്നുകാലി വളർത്തൽ ഉപതൊഴിലായി സ്വീകരിച്ചാൽ വരുമാനവർധനയുണ്ടാകും. ഉപതൊഴിൽ എന്നതിനപ്പുറം മുഖ്യ തൊഴിലായിത്തന്നെ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടണം. മൃഗസംരക്ഷണ വകുപ്പ് അതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആ പദ്ധതികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ മിൽമയും ക്ഷീര സഹകരണ സംഘങ്ങളുമാണ് പ്രധാന ചുമതല വഹിക്കേണ്ടത്.

പതിനായിരക്കണക്കിന് ക്ഷീരകർഷകർ, ആയിരക്കണക്കിന് ഏജന്റുമാർ, ദശലക്ഷക്കണക്കായ ഉപഭോക്തൃ കുടുംബങ്ങൾ എന്നിവരുടെയെല്ലാം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ക്ഷീര സംഘങ്ങളും മിൽമയും പ്രതിബദ്ധതയോടെ പ്രവർത്തിക്കണം. എന്നാൽ മിൽമയുടെ പ്രവർത്തനം പൂർണമായി കാര്യക്ഷമമാണോ? അതിവിപുലമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ മികച്ച നേതൃത്വം അനിവാര്യമാണ്. സ്ഥാപനത്തെ നയിക്കുന്നതിൽ വന്നുപോകുന്ന ദൗർബ്ബല്യം നഷ്ടത്തിന് കാരണമാകുന്നില്ലേ? കൃഷിക്കാർക്കും ഏജന്റുമാർക്കുംസംതൃപ്തി നൽകാൻ ചിലപ്പോഴെങ്കിലും കഴിയാതെവരുന്നുണ്ടോ? എന്തുകൊണ്ട് ചില മേഖലകളിൽ പ്രവർത്തന നഷ്ടം സംഭവിക്കുന്നു? ഈ കാര്യങ്ങളെല്ലാം പരിശോധിക്കപ്പെടണം. ദൗർബ്ബല്യങ്ങൾ പരിഹരിച്ചു മുന്നോട്ടുപോകാൻ രജതജൂബിലി ആഘോഷവേളയിൽ മിൽമ മാനേജ്മെന്റിനും അംഗ സംഘങ്ങൾക്കും ജീവനക്കാർക്കും കഴിയുമെന്ന് പ്രത്യാശിക്കുന്നു. മിൽമക്കും തിരുവനന്തപുരം മേഖലാ ക്ഷീരോൽപ്പാദക യൂണിയനും വിജയാശംസകൾ നേർന്നുകൊണ്ട് രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

**നന്ദി, നമസ്കാരം.**